# പതിമൂന്നാം കേരളനിയമസഭ

## ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ</u>

<u>ചോദ്യം നം.84</u> <u>10.06.2013 ൽ മറുപടിക്ക്</u>

<u>കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായം</u>

| ചോദ്യം<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്: | | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതരുടെ ലിസ്റ്റിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളെ യാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) | 1 അജാനൂർ<br>2 ബദിയഡുക്ക<br>3 ബെള്ളൂർ<br>4 എൺമകജെ<br>5 കള്ളാർ<br>6 കമ്പഡാജെ<br>7 കാറഡുക്ക<br>8 കയ്യൂർ - ചീമേനി<br>9 മുളിയാർ<br>10 പനത്തടി<br>11 പുല്ലൂർ - പെരിയ<br><br>എൻഡോസൾഫാൻ കീടനാശിനി ആകാശമാർഗേന തളിച്ചത് മേൽ പരാമർശിച്ച 11 ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ട പ്ലാന്റേഷൻ കോർപ്പറേഷൻ വക കശുമാവിൻ തോട്ടങ്ങളിലാണ്. എൻഡോസൾഫാൻ കീടനാശിനി ആകാശ മാർഗേന തളിച്ച കാലയളവിൽ 11 പഞ്ചായത്തുകളിൽ താമസിച്ചവരും എന്നാൽ ഇപ്പോൾ മറ്റ് പഞ്ചായത്തുകളിൽ താമസിച്ചു വരുന്നവരുമായ ദുരിതബാധിതർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. അതുപോലെ മേൽ പഞ്ചായത്തുകൾക്ക് പുറത്താണെങ്കിലും എൻഡോസൾഫാൻ തളിച്ച തോട്ടങ്ങൾക്ക് സമീപം താമസിക്കുന്ന മറ്റു പഞ്ചായത്തുകളിലെ രോഗികളെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ദുരിത ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള പഞ്ചായത്തുകളിൽ ഉൾപ്പെട്ടവർക്ക് പുറമെ, സഹായമർഹിക്കുന്ന എന്റോസൾഫാൻ ദുരിത ബാധിതർ ജില്ലയിലെ മറ്റു പഞ്ചായത്തുകളിലും ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | അവരെക്കൂടി സഹായമർഹിക്കുന്നവരുടെ പട്ടികയിൽ ഉൾപ്പെടുത്തി സഹായം നൽകാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) | എൻഡോസൾഫാൻ ആകാശ മാർഗേന തളിച്ച കാലയളവിൽ പ്ലാന്റേഷൻ കോർപ്പറേഷൻ കശുമാവിൻ തോട്ടങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് താമസിച്ചവർ ഇപ്പോൾ ഏത് പ്രദേശത്താണെങ്കിൽ പോലും അവർക്ക് ധനസഹായം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 02.04.2013 -ലെ സ.ഉ(ആർ.റ്റി.)നം.1191/13/ആ.ക.വ പ്രകാരം കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത ധനസഹായത്തിന് അർഹമായ വിഭാഗങ്ങളിൽപ്പെടാത്ത മറ്റ് രോഗികൾക്ക് പരിശോധനയ്ക്ക് വിധേയമായി അവരുടെ അർഹത തീരുമാനിക്കുവാനും കാറ്റഗറി തിരിക്കുവാനുമായി 05 വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ